# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5184 — 30.06.2014-ൽ മറുപടിയ്ക്ക്

### ബയോബ്ലിറ്റ്സ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>,, സണ്ണിജോസഫ്<br>,, എം.എ. വാഹീദ്<br>,, വർക്കല കഹാർ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും<br>സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വനം വകുപ്പ് ബയോബ്ലിറ്റ്സ് എന്ന പ്രചരണ പരിപാടി സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | എ) ബയോബ്ലിറ്റ്സ് എന്ന പരിപാടി വിവിധയിടങ്ങളിൽ സംഘടിപ്പിക്കുവാൻ വനം വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. ബന്ധപ്പെട്ട ജൈവവിജ്ഞാന മേഖലകളിൽ പ്രാവീണ്യം തെളിയിച്ചവരുടെ സഹായത്തോടെ പ്രാദേശിക പൊതുജനങ്ങളെയും മറ്റും പങ്കെടുപ്പിച്ചുകൊണ്ട് ഒരു നിശ്ചിത സ്ഥലത്തെ ജൈവവൈവിധ്യം ക്ലിപ്ത സമയത്തിനുള്ളിൽ സർവ്വേ ചെയ്ത് രേഖപ്പെടുത്തുന്ന പ്രക്രിയയെയാണ് ബയോബ്ലിറ്റ്സ് എന്നു പറയുന്നത്. ഇപ്രകാരം അവരവരുടെ സ്ഥലത്തെ ജൈവവൈവിധ്യത്തെപ്പറ്റി പൊതുജനങ്ങളിൽ അവബോധവും, താൽപര്യവും സൃഷ്ടിക്കാനും, അതുവഴി ജൈവവൈവിധ്യ സംരക്ഷണത്തെ പരിപോഷിപ്പിക്കുവാനും ഉദ്ദേശിച്ചുള്ളതാണ് ബയോബ്ലിറ്റ്സ്. ഇക്കഴിഞ്ഞ വർഷത്തെ വന്യജീവി വാരാഘോഷവുമായി ബന്ധപ്പെട്ട് 2013 ഒക്ടോബർ മാസം 4, 5, 6 തീയതിയികളിൽ ആറളം വന്യജീവി സങ്കേതത്തിൽ വച്ച് സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെയും മലബാർ നാച്വറൽ ഹിസ്റ്ററി സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ ബയോബ്ലിറ്റ്സ് നടത്തുകയും, തെരഞ്ഞെടുക്കപ്പെട്ട വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും |

ചെയ്തിരുന്നു. ഒരു പക്ഷേ ഇത്തരത്തിലുള്ള ഇന്ത്യയിലെതന്നെ ആദ്യത്തെ പരിപാടി ആയിരിക്കുമിത്. തുടർന്ന് ലോക ജൈവവൈവിധ്യ ദിനാഘോഷത്തിന്റെ ഭാഗമായി കേരളത്തിലെ ഭൂരിഭാഗം ജില്ലകളിലും സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ സന്നദ്ധ സംഘടനകളെയും, പൊതുജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ഇക്കഴിഞ്ഞ മേയ് 22-ന് ബയോബ്ലിറ്റ്സ് സംഘടിപ്പിച്ചിരുന്നു. സാമൂഹ്യവനവൽക്കരണ വിഭാഗം നടത്തുന്ന വിവിധ പരിപാടികളുടെ ഭാഗമായി തുടർന്നും ബയോബ്ലിറ്റ്സ് പ്രചരണ പരിപാടി സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | ഒരു നിശ്ചിത പ്രദേശത്തിന്റെ ജൈവവൈവിധ്യം ചുരുങ്ങിയ സമയംകൊണ്ട് രേഖപ്പെടുത്തുന്ന പരിപാടിയാണ് ബയോബ്ലിറ്റ്സ്. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞരുടെയും, പരിസ്ഥിതി പ്രവർത്തകരുടെയും, പൊതുജനങ്ങളുടെയും കൂട്ടായ്മയിലൂടെ ഇപ്രകാരം നടത്തുന്ന സർവ്വേയും, രേഖപ്പെടുത്തലുകളും വഴി അവരവരുടെ സ്ഥലത്തെ ജൈവവൈവിധ്യത്തെപ്പറ്റി പൊതുജനങ്ങളിൽ അവബോധവും, താൽപര്യവും സൃഷ്ടിക്കാനും, അതുവഴി ജൈവവൈവിധ്യ സംരക്ഷണത്തെ പരിപോഷിപ്പിക്കുവാനും ഉദ്ദേശിച്ചുള്ളതാണ് ഈ പരിപാടി. ഏറ്റവും മികച്ച രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തുന്നവരെ തെരഞ്ഞെടുത്ത് സമ്മാനവും, മറ്റും നൽകുക വഴി പൊതുജനങ്ങളിൽ താൽപര്യം സൃഷ്ടിക്കുവാനും, ഇക്കാര്യത്തിൽ അവരെ പ്രോത്സാഹിപ്പിക്കുവാനും ലക്ഷ്യമിടുന്നുണ്ട്. |

| | |
|---|---|
| സി) നഗരങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിവരിക്കുമോ ; | സി) നഗരങ്ങളിലെ ഒരു നിശ്ചിത പ്രദേശം തെരഞ്ഞെടുത്ത് അവിടത്തെ ജൈവവൈവിധ്യം ഒരു നിശ്ചിത സമയത്തിനുള്ളിൽ ബയോബ്ലിറ്റ്സിന്റെ ഭാഗമായി രേഖപ്പെടുത്തുന്നതാണ്. ശാസ്ത്രജ്ഞർ, പരിസ്ഥിതി പ്രവർത്തകർ, പൊതുജനങ്ങൾ എന്നിവരുടെ കൂട്ടായ്മയിലൂടെയാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. നിലവിൽ എല്ലാ നഗരവാസികൾക്കും അവരുടെ പ്രദേശത്തെ ജൈവവൈവിധ്യത്തെപ്പറ്റി പൂർണ്ണമായ അറിവില്ലാത്തതാണ്. ബയോബ്ലിറ്റ്സിന്റെ ഭാഗമായി രേഖപ്പെടുത്തുന്ന വിവരങ്ങൾ ബന്ധപ്പെട്ട പൊതുജനങ്ങളുടെ ശ്രദ്ധയിൽവരുന്നതും, അതുവഴി ജൈവവൈവിധ്യ സംരക്ഷണം, ജൈവവൈവിധ്യ പരിപോഷണം എന്നിവയിൽ പ്രദേശവാസികൾക്ക് താൽപര്യവും, അവബോധവും സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നു. ഏറ്റവും മികച്ച രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തുന്നവരെ തെരഞ്ഞെടുത്ത് സമ്മാനവും, മറ്റും നൽകുക വഴി പൊതുജനങ്ങളിൽ താൽപര്യം സൃഷ്ടിക്കുവാനും, ഇക്കാര്യത്തിൽ അവരെ പ്രോത്സാഹിപ്പിക്കുവാനും കഴിയുന്നതാണ്. |
| ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) സാമൂഹ്യവനവൽക്കരണ വിഭാഗവും, സന്നദ്ധ സംഘടനകളും, പരിസ്ഥിതി പ്രവർത്തകരും, പൊതുജനങ്ങളും ചേർന്ന കൂട്ടായ്മ മുഖേനയാണ് ഈ പരിപാടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.<br>പരിപാടിയുടെ നടത്തിപ്പിലേയ്ക്കാവശ്യമായ ചെലവ് സാമൂഹ്യവനവൽക്കരണ വിഭാഗത്തിനായി അലോട്ട് ചെയ്തിട്ടുള്ള ഫണ്ടിൽ നിന്നും കണ്ടെത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ